1982–83		
പി.എസ്.സി. മുഖേന	2	
പ്രമോഷൻ	1	
1983–84		
പി.എസ്.സി. മുഖേന	4	
പ്രമോഷൻ	ഇല്ല.	
(സി) 1980–81		
പി.എസ്.സി. മുഖേന	2.	25–10–1980
1981–82		
പി.എസ്.സി. മുഖേന	1.	30–6–1981
1982–83		
പി.എസ്.സി. മുഖേന	2.	9–2–1983
പ്രമോഷൻ	1.	22–9–1984
1983–84		
പി.എസ്.സി. മുഖേന	2.	29–10–1983
	2.	17–1–1984

(ഡി) ഉണ്ട്. 1982–83–ലെ പ്രമോഷൻ 23–2–1983–ന് നടത്തിയിരുന്നെങ്കിലും അതിൽ അപകാതയുള്ളതിനാൽ പ്രമോഷൻ ലിസ്റ്റ് പുനഃപരിശോധിച്ച് അർഹതപ്പെട്ടവരുടെ പ്രമോഷൻ നൽകാണമെന്ന് വിദ്യഭ്യാസ ഡയറക്ടർ ആഫീസിലെ നുർദ്ദേശ പ്രകാരം ആദ്യം പ്രമോട്ട് ചെയ്തിരുന്ന ആളെ റിവർട്ട് ചെയ്ത് 22–9–1984–ൽ അർഹതപ്പെട്ടയാൾക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത അദ്ധ്യാപികയുടെ അപേക്ഷ ഡപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പരിശോധിക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിലെ പി.ഡി. ടീച്ചർമാരുടെ നിയമനം

434 [781] ശ്രീ. കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന കണ്ണൂർ ജില്ലയിലേക്കു പി.ഡി. ടീച്ചർ തസ്തികയിൽ നിയമനത്തിനായി 1985 മാർച്ചിൽ ഇൻറർവ്യൂ നടത്തി പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നിലവിൽ ഒഴിവുകൾ വല്ലതുമുണ്ടോ;

(സി) ലിസ്റ്റിൽ ബാക്കിയുള്ളവരുടെ നിയമനം എന്നത്തേക്കു നടത്തുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരെയും നിയമിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഒഴിവുണ്ടാകുന്ന മുറയ്ക്കു നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly